**അനെർട്ട് – ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി**
**(വൈദ്യുതി വകുപ്പ്, കേരള സർക്കാർ)**

ഡിസംബർ 26, 2017

**വിജ്ഞാപനം**

കേരള സർക്കാരിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ അനെർട്ട് (ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി) സംസ്ഥാനത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും **ഊർജ്ജ മിത്ര – അക്ഷയ ഊർജ്ജ സർവ്വീസ് സെന്റർ** സ്ഥാപിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത ഊർജ്ജ മിത്ര – അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകളിലൂടെ ജനങ്ങൾക്ക് അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും സാങ്കേതിക സഹായങ്ങൾക്കും ഉപകരണങ്ങളുടെ സമയബന്ധിത പരിപാലനത്തിനും ഉതകുന്ന സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. അപേക്ഷകൾ അവശ്യമായ രേഖകൾ സഹിതം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരത്തിന്റെ വെബ്സൈറ്റിൽ (www.cmdkerala.net) നൽകിയിട്ടുള്ള ലിങ്ക് മുഖാന്തരം **ഓൺലൈനായി** സമർപ്പിക്കേണ്ടതാണ്.

**യോഗ്യതാ മാനദണ്ഡം**

അപേക്ഷകർ:

i. 18 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള വ്യക്തികളായിരിക്കണം. അപേക്ഷകർക്ക് വരുമാനപരിധി ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അനുയോജ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള അപേക്ഷകർക്ക് മുൻഗണന ലഭിക്കുന്നതാണ്.

അല്ലെങ്കിൽ

ii. സൊസൈറ്റീസ് ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ/ചാരിറ്റബിൾ ട്രസ്റ്റുകൾ. സാങ്കേതിക മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് മുൻഗണന ലഭിക്കുന്നതാണ്.

അല്ലെങ്കിൽ

iii. സ്വയം സഹായ സംഘങ്ങൾ

*കുറിപ്പ്:*

1. *ഇത്തരം സംരംഭങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ സമാന പദ്ധതികളുടെ ഗുണഭോക്താക്കളായിട്ടുള്ളവർ ഈ പദ്ധതിക്കു കീഴിൽ ധനസഹായത്തിന് അർഹരായിരിക്കുകയില്ല.*
2. *അനർട്ടിന്റെ ഹെഡ്ഓഫീസ്/റീജിയണൽ ഓഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*

**തിരഞ്ഞെടുപ്പ് പ്രക്രിയ**

തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സമയക്രമം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1 : തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സമയക്രമം**

| ക്രമ നം. | പ്രവർത്തനം | സമയം |
|---|---|---|
| 1 | വിജ്ഞാപനം പ്രസിദ്ധീകരിക്കലും അപേക്ഷകൾ സമർപ്പിക്കാനുള്ള ലിങ്ക് ലഭ്യമാക്കലും | 28-12-2017 |
| 2 | അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതിയും സമയവും | 16-01-2018<br>17.00 മണിവരെ |
| 3 | ചുരുക്ക പട്ടിക തയ്യാറാക്കൽ | അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിക്കു ശേഷം 21 ദിവസങ്ങൾക്കുള്ളിൽ |

അപേക്ഷകളുടെ മൂല്യനിർണയത്തിൽ നിർദ്ദിഷ്ട യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷകരെ വിലയിരുത്തുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്ന സമയം താഴെപ്പറയുന്ന രേഖകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്:

**വ്യക്തികൾക്ക്**

i. ജനന സർട്ടിഫിക്കറ്റ്/വയസ്സ് തെളിയിക്കുന്ന രേഖ
ii. ആധാർ കാർഡ്
iii. പാൻ കാർഡ് (ഇല്ലാത്തപക്ഷം, മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.)
iv. ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക സമുദായ/ന്യൂനപക്ഷ അപേക്ഷകർക്ക് മാത്രം)
v. വികലാംഗ സർട്ടിഫിക്കറ്റ് (ഭിന്നശേഷിക്കാരായ അപേക്ഷകർക്ക് മാത്രം)
vi. ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/പെൻഷൻ പെയ്മെന്റ് ഓർഡറും അവസാനമായി വഹിച്ച പദവിയുടെ സാധുവായ രേഖയും (വിമുക്തഭടൻമാർക്ക് മാത്രം)
vii. സാങ്കേതിക വൈദഗ്ദ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ

**സൊസൈറ്റീസ് ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ/ചാരിറ്റബിൾ ട്രസ്റ്റുകൾ/സ്വയം സഹായ സംഘങ്ങൾക്ക്**

i. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
ii. അപേക്ഷിക്കുന്ന സ്ഥാപനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ്
iii. ഇത്തരം സർവ്വീസ് സെന്റർ നടത്തുവാനുള്ള സ്ഥാപനത്തിന്റെ അധികാരത്തെ കുറിച്ച് പ്രതിപാദിക്കുന്ന സ്ഥാപനത്തിന്റെ ബൈലോയുടെ പ്രസ്തുത പേജ്.

ഇവയ്ക്കു പുറമേ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ അനെർട്ട്/തിരഞ്ഞെടുപ്പ് കമ്മിറ്റി കൂടുതൽ രേഖകൾ ആവശ്യപ്പെടാം. അങ്ങനെ ആവശ്യപ്പെടുന്നപക്ഷം അനെർട്ട്/തിരഞ്ഞെടുപ്പ് കമ്മിറ്റി നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ രേഖകൾ സമർപ്പിക്കാൻ അപേക്ഷകർ സന്നദ്ധരായിരിക്കണം.

**തിരഞ്ഞെടുക്കപ്പെടുന്ന സർവ്വീസ് സെന്ററുകൾക്കുള്ള സബ്സിഡി**

തിരഞ്ഞെടുക്കപ്പെടുന്ന സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം മൂന്നു വർഷക്കാലത്തേക്ക് മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തപ്പെടുന്നതാണ്. സർവ്വീസ് സെന്ററുകൾ മൂന്ന് വർഷങ്ങൾക്കു ശേഷം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സബ്സിഡിക്കു അർഹരായിരിക്കുന്നതാണ്.

i. മൂന്ന് വർഷത്തെ പ്രവൃത്തിക്കാലയളവിനുശേഷം സർവ്വീസ് സെന്ററുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള ഗ്രേഡിംഗ് നടത്തുന്നതായിരിക്കും. ഗ്രേഡിംഗിൽ യോഗ്യത നേടുന്ന സർവ്വീസ് സെന്ററുകൾക്ക് മാത്രം ആയിരിക്കും സബ്സിഡി/ധനസഹായത്തിന് അർഹത.
ii. അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററിലെ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളിൽ/സംരംഭകരിൽ മൂന്നിലൊരാൾ എന്ന നിലക്കെങ്കിലും വനിതാ പ്രാതിനിധ്യം പുലർത്തേണ്ടതാണ്.
iii. അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററിൽ ഐ.ടി.ഐ./പോളിടെക്നിക് ഡിപ്ലോമയോ അതിലും ഉയർന്ന സാങ്കേതിക യോഗ്യതയോ നേടിയ മൂന്ന് വ്യക്തികളെയെങ്കിലും ഉൾപ്പെടുത്തേണ്ടതാണ്.
iv. സർവ്വീസ് സെന്ററിൽ നിന്നും മൂന്നു പേരെങ്കിലും അനെർട്ട് സംഘടിപ്പിക്കുന്ന സാങ്കേതിക പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.
v. സർവ്വീസ് സെന്ററിൽ നിന്നും ഒരു വ്യക്തിയെങ്കിലും അനെർട്ട് സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി അനെർട്ട് നൽകുന്ന ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 2 : അനെർട്ട് നൽകുന്ന ധനസഹായത്തിന്റെ (3 വർഷത്തിനുശേഷം) വിശദാംശങ്ങൾ**

| ക്രമ നം. | സംരംഭകന്റെ വിഭാഗം | അനെർട്ട് അനുവദിക്കുന്ന തുക (രൂപയിൽ) | |
|---|---|---|---|
| | | നഗര പ്രദേശം | ഗ്രാമ പ്രദേശം |
| 1 | പൊതു വിഭാഗം | 60,000 | 1,00,000 |
| 2 | പ്രത്യേക വിഭാഗം (പട്ടികജാതി/പട്ടിക വർഗ്ഗം/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷം/സ്ത്രീകൾ/ വിമുക്തഭടന്മാർ/ഭിന്നശേഷിക്കാർ) | 1,00,000 | 1,40,000 |

ഒരു അക്ഷയ ഊർജ്ജ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ചിലവ് ഭൂവിലയ്ക്കു പുറമെ നാല് ലക്ഷം രൂപയായാണു കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

**പട്ടിക 3 : പദ്ധതിയുടെ ചിലവിനങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നം. | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1 | കേന്ദ്രത്തിനായി ഓഫീസ് സ്ഥാപിക്കുന്നതിന് (20 ചതുരശ്ര മീറ്ററിൽ കുറയാതെ, ഒരു വർഷത്തെ വാടക ഉൾപ്പെടെ) | 1,50,000 |
| 2 | കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, പ്രിന്റർ, ഇന്റർനെറ്റ് മുതലായവ | 1,00,000 |
| 3 | അക്ഷയ ഊർജ്ജ പ്രദർശനോപകരണങ്ങൾ | 35,000 |
| 4 | അറ്റകുറ്റപണികൾക്കായുള്ള ഉപകരണങ്ങൾ | 70,000 |
| 5 | ഇരുചക്രവാഹനം (ഇലക്ട്രിക് സ്കൂട്ടർ അഭികാമ്യം) | 45,000 |
| | **ആകെ** | **4,00,000** |

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം:**

അർഹരായ അപേക്ഷകർക്ക് 16/01/2018, 17.00 മണി വരെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ വെബ്സൈറ്റിൽ (www.cmdkerala.net) നൽകിയിട്ടുള്ള ലിങ്ക് മുഖാന്തരം **ഓൺലൈനായി** അപേക്ഷാഫോറം പൂരിപ്പിക്കുകയും അവശ്യരേഖകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ അപ്‌ലോഡ് ചെയ്യാവുന്നതുമാണ്. മേൽപ്പറഞ്ഞ തീയതിക്കുശേഷം അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**കുറിപ്പ്:**

1. **ഒന്നിലധികം നിയോജക മണ്ഡലങ്ങളിൽ ഊർജ്ജ മിത്ര – അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുവാൻ താൽപര്യമുള്ളവർ ഓരോ മണ്ഡലത്തിനും വേണ്ടി വ്യത്യസ്ത അപേക്ഷ സമർപ്പിക്കേണ്ടതാണ്.**
2. **തിരഞ്ഞെടുക്കുന്നപക്ഷം അപേക്ഷകൻ (വായ്പ ആവശ്യമുണ്ടെങ്കിൽ മാത്രം) ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നുമുള്ള സാധുവായ വായ്പാ അനുമതി പത്രം ഹാജരാക്കേണ്ടതാണ്.**
3. **അപേക്ഷകൾ സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം പൂർണ്ണമായും അനെർട്ടിൽ നിക്ഷിപ്തമാണ്.**
4. **എല്ലാ സർവ്വീസ് സെന്ററുകളും അനെർട്ട് രൂപപ്പെടുത്തുന്ന പെരുമാറ്റചട്ടങ്ങൾക്കും അറ്റകുറ്റപ്പണികൾക്കായുള്ള നിരക്കുകൾ ഉൾപ്പെടെയുള്ള വ്യവസായച്ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.**
5. **കേന്ദ്രത്തിന്റെ നാമകരണവും, ആന്തരികവും ബാഹ്യവുമായ രൂപകൽപ്പനയും അനെർട്ട് നിർദ്ദേശിക്കുന്ന മാതൃകയ്ക്ക് അനുസൃതമാകണം.**
6. **കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഓരോ ടെക്നീഷ്യനും ഇന്റർനെറ്റ് സൗകര്യമുള്ള ഒരു ആൻഡ്രോയിഡ് സ്മാർട്ട്ഫോണും ഉൾപ്പെടെയുള്ള ഐ.ടി. സൗകര്യങ്ങൾ അപേക്ഷകൻ ഒരുക്കേണ്ടതാണ്.**